പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5224 05.07.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ ശാസ്ത്രീയമായ സമഗ്ര പുനഃസംഘടന

ചോദ്യം

ശ്രീ.സാജു പോൾ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | വാഹനങ്ങളുടെ വർദ്ധനവ് പരിഗണിച്ച് ജീവനക്കാരെ നിയമിക്കുവാൻ തയ്യാറാകുമോ ; | (ബി) | പരിഗണിച്ചു വരുന്നു |
| (സി) | വകുപ്പിന് പിരിഞ്ഞുകിട്ടാനുള്ള കടിശ്ശിക തുക എത്രയാണ്; തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ | (സി) | 175.17 കോടി രൂപ. മോട്ടോർ വാഹന വകുപ്പ് നികുതി ചോർച്ച തടയുന്നതിനായി കടിശ്ശിക വരുത്തിയ വാഹനങ്ങൾ പിടിച്ചെടുത്തും കടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചും കടിശ്ശിക പിരിച്ചെടുത്തുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ പുതിയ എൻഫോഴ്സ്മെന്റ് വിഭാഗം വന്നതിന്റെ ഫലമായി വാഹന പരിശോധന സംവിധാനം ശക്തമായതിനെ തുടർന്ന് വാഹനങ്ങൾ പരിശോധിക്കുന്നതിനും ടാക്സ് ഈടാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ-പേമെന്റ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ആർ.ടി.ഓഫീസിലും, കഴക്കൂട്ടം ജോയിന്റ് ആർ.ടി.ഓഫീസിലും നടപ്പിലാക്കി. താമസിയാതെ കേരളത്തിലെ എല്ലാ ഓഫീസുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ ശാസ്ത്രീയമായ സമഗ്ര പുനഃസംഘടനയ്ക്ക് പഠന റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ; എങ്കിൽ അവ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിനെക്കുറിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 2008 ൽ സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ടു കൂടി പരിശോധിച്ച ശേഷം വകുപ്പിൽ പുതുതായി അധിക തസ്തികകൾ സൃഷ്ടിക്കാൻ ഗതാഗത കമ്മീഷണർ നൽകിയ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ അധിക തസ്തിക സൃഷ്ടിച്ച് സബ് ആർ.ടി.ഓഫീസുകൾ നിലവിലില്ലാത്ത ഏഴു താലൂക്കുകളിലും ഉഴവൂരിലും ഉൾപ്പെടെ എട്ട് സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ